**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ നിരവധി കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതിനാൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ (RWBCIS) രജിസ്റ്റർ ചെയ്യുന്നതിലുണ്ടായിരുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ (RWBCIS) 2025-26 റാബി (Rabi) സീസണിലെ എല്ലാ വിജ്ഞാപനം ചെയ്യപ്പെട്ട വിളകൾക്കും ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിനായി 26.12.2025-ൽ പോർട്ടൽ തുറന്നിരുന്നു. സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2026 ജനുവരി 15 വരെ നീട്ടി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു. |
| (ബി) | ഈ പദ്ധതിയിലേയ്ക്ക് സംസ്ഥാനം നൽകേണ്ട പകുതി വിഹിതം നൽകാത്തതിനെ തുടർന്ന് കഴിഞ്ഞവർഷത്തെ നഷ്ടപരിഹാരം കർഷകർക്ക് വിതരണം ചെയ്തിട്ടില്ല എന്ന് പറയപ്പെടുന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 2024-25 വർഷത്തെ ഖാരിഫ് (Kharif), റാബി (Rabi) സീസണുകളിലേക്കുള്ള സംസ്ഥാന വിഹിതം പ്രീമിയം ആദ്യ ഗഡുവായ 24.14 കോടി രൂപ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക തുക അനുവദിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ